"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല — കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്ത് - 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.3 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

G.O.(Rt) No.1888/2024/LSGD തീയതി,തിരുവനന്തപുരം, 10-10-2024

---

പരാമർശം:- 1. ഡയറക്ടർ (റൂറൽ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 01.02.2022 ലെ പി എ എൻ/1248/2022- എം3 ( ഡി പി ) നമ്പർ കത്ത്.

2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 18.08.2023 ലെ ഡി.കെ.എസ്.എ 22002/പി.റ്റി2/2023 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ജ്യോതിസ്സ് സമഗ്ര വിദ്യാഭ്യാസ പദ്ധതി ( പ്രോജക്ട് നം. 54/2009 ) എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായ പ്രവർത്തനങ്ങളിൽ ലഘുഭക്ഷണം നൽകിയതിന് ചെലവായ 10,000/- രൂപ സർക്കാർ ഹൈസ്കൂളുകളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽപ്പെടാത്തതിനാൽ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ) ഡയറക്ടർ രാമർശം (1) പ്രകാരം ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ, കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികളിൽ പഠനനിലവാരത്തിലും സാമ്പത്തികമായും വളരെ പിന്നോക്കം നിൽക്കുന്ന എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് വേണ്ടിയാണ് കോച്ചിംഗ് നടത്തിയതെന്നും ആയത് വിദ്യാർത്ഥികൾക്ക് വളരെയധികം പ്രയോജനകരമായിരുന്നുവെന്നും വിദ്യാർത്ഥികളുടെ പഠന നിലവാരത്തിൽ ഉയർച്ച ഉണ്ടായിട്ടുള്ളതാണെന്നും ആയതിനാൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകണമെന്നും ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3. പരാമർശ ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് റിപ്പോർട്ടിലും പുനരഭിപ്രായക്കുറിപ്പിലും നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഇത്തരം അപാകതകൾ ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടു കൂടി സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശിപാർശ പരിഗണിച്ചും

പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോടു കൂടി കണ്ണൂർ ജില്ലയിലെ കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3 പ്രകാരം തടസ്സപ്പെടുത്തിയ 10,000/- രൂപയുടെ (പതിനായിരം രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

UNDER SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ) തിരുവനന്തപുരം

സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്ത്, കണ്ണൂർ

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള , തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/32/2022-LSGD )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ